പാഠം 13

# പുതിയ ഭൂഗോളത്തിന്റെ പുനർജന്മം

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യെശ. 65:17–25; 66:1–19; 66:19–21; 66:22–24.**

**മനഃപാഠവാക്യം: "ഇതാ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തവ ആരും ഓർക്കുകയില്ല ആരുടെയും മനസ്സിൽ വരികയുമില്ല" (യെശ. 65:17).**

---

---

---

ഒരു ദിവസം, ഒരു 12 വയസ്സുകാരനായ ബാലൻ, ജ്യോതിശാസ്ത്രത്തെക്കുറിച്ച് ഒരു പുസ്തകം വായിച്ചു കഴിഞ്ഞതുകൊണ്ട് സ്കൂളിൽ പോകാൻ വിസമ്മതിച്ചു. അവന്റെ മാതാവ് അവനെ കുടുംബ ഡോക്ടറുടെ അടുക്കൽ കൊണ്ടുപോയി. അവൻ ചോദിച്ചു, "ബില്ലി എന്താണ് കാര്യം? നീ എന്താ ഇനിമേലിൽ പഠിക്കാൻ സ്കൂളിൽ പോകുന്നില്ലേ?'

"അതിന് കാരണം ഡോക്ടർ, ഒരു ദിവസം സൂര്യനും ഭൂമിയിലുള്ളതെല്ലാം കത്തിച്ചാമ്പലാവുമെന്ന് ഞാൻ ഒരു ജ്യോതിശാസ്ത്രഗ്രന്ഥത്തിൽ വായിച്ചു. എല്ലാം ചത്തൊടുങ്ങാൻ പോകയാണെങ്കിൽ പിന്നെ ഞാൻ സ്കൂളിൽ പോയിട്ട് എന്താ കാര്യം?"

കോപാകുലനായ അമ്മ പറഞ്ഞു, "അത് നീ നോക്കേണ്ട, അത് നിന്റെ കാര്യമല്ല" ഡോക്ടർ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, "ബില്ലി, അതോർത്ത് നീ വിഷമിക്കേണ്ട, കാരണം ഇത് സംഭവിക്കുമ്പോഴേക്കും നമ്മളെല്ലാം മരിച്ചു കഴിഞ്ഞിരിക്കും.

നിശ്ചയമായും, അതാണ് പ്രശ്നത്തിന്റെ ഒരു ഭാഗം: എന്തായാലും, ഒടുവിൽ നമ്മൾ എല്ലാം മരിക്കും.

ഭാഗ്യവശാൽ, നമ്മുടെ നിലനില്പ് മരണത്തിൽ അവസാനിക്കേണ്ടതില്ല. ഇതിനു വിപരീതമായി, നമുക്ക് ജീവൻ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുണ്ട്. നിത്യജീവൻ, പുതുതാക്കപ്പെട്ട ഒരു ലോകത്തിൽ.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് മാർച്ച് 27 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## പുതിയ ആകാശവും പുതിയ ഭൂമിയും (യെശ. 65:17-25)

**യെശ. 65:17-25 വായിക്കുക. എപ്രകാരമുള്ള ഒരു പുനഃസ്ഥാപനമാണ് ദൈവം ഇവിടെ വാഗ്ദത്തം ചെയ്യുന്നത്?**

ദൈവം ഒരു പുതിയ സൃഷ്ടി വാഗ്ദത്തം ചെയ്യുന്നു. അതിന്റെ ആദ്യവാക്കുകൾ ഇങ്ങനെയാണ്: "ഇതാ ഞാൻ പുതിയ ആകാശവും... മനസ്സിൽ വരികയില്ല" (യെശ. 65:17). ഈ പ്രവചനത്തിൽ, ദൈവം വാഗ്ദത്തം ചെയ്യുന്നത്, "ഇതാ ഞാൻ യെരൂശലേമിനെ സൃഷ്ടിക്കുന്നു" (യെശ. 65:18). കരച്ചിലും നിലവിളിയും അതിൽ കേൾക്കയില്ല (യെശ. 65:19). സാധാരണയായി മനുഷ്യർ മരിക്കുന്നതിനുമുമ്പ് നൂറു വർഷമെങ്കിലും ജീവിച്ചിരിക്കും (യെശ. 65:20). അവരുടെ അദ്ധ്വാനഫലവും മക്കളും അവർ ആസ്വദിക്കും (യെശ. 65:21-23). അവർ വിളിക്കുന്നതിനു മുമ്പേ ദൈവം ഉത്തരമരുളും (യെശ. 65:24).

കാര്യങ്ങളൊക്കെ നല്ലതാണെങ്കിലും, എന്തുകൊണ്ടാണ് ഇതു നമ്മുടെ അന്തിമ പ്രത്യാശയുടെയും പുനഃസ്ഥാപനത്തിന്റെയും ഒരു ചിത്രമല്ലാത്തത്?

എന്നാൽ ജനങ്ങൾ കൂടുതൽ കാലം ജീവിക്കുമെങ്കിലും, അവർ മരിക്കും. "പുതിയ ആകാശത്തിന്റെയും" "പുതിയ ഭൂമിയുടെയും" സൃഷ്ടിയോടെ നാം പ്രതീക്ഷിക്കുന്ന പ്രകൃതിയിലെ സമൂലമായ മാറ്റം എവിടെ? അടുത്ത വാക്യം നമ്മോടു പറയുന്നത്: "ചെന്നായും കുഞ്ഞാടും ഒരുപോലെ മേയും നാശമോ ആരും ചെയ്കയില്ല എന്നു യഹോവ അരുളിച്ചെയ്യുന്നു" (യെശ. 65:25).

മാംസഭുക്കുകളായ സിംഹങ്ങൾ സസ്യഭുക്കുകളാകാൻ ഒരു സസ്യപാചക ക്ലാസ്സ് വേണ്ടിവരും. ലോകത്തെ അതിന്റെ ഉത്തമമായ അവസ്ഥയിലേക്ക്, കൊണ്ടുവരാൻ ഒരു പുനഃസൃഷ്ടി ആവശ്യമാണ്.

ഇവിടെ യെശ. 65 ൽ, "പുതിയ ആകാശത്തിന്റെയും" "പുതിയ ഭൂമിയുടെയും" സൃഷ്ടി ദൈവം അവതരിപ്പിക്കുന്നത് ഒരു പ്രക്രിയ ആണ്. യെരൂശലേമിന്റെ പുനഃസൃഷ്ടിയോടെ ആരംഭിക്കുന്ന, ഒരു കൂട്ടം പടികൾ. മിശിഹാ ന്യായം നടപ്പിലാക്കുന്ന യെശ. 11 മായി താരതമ്യം ചെയ്ക (യെശ. 11:1-5). പിന്നെ, ആത്യന്തികമായി, യഹോവയുടെ ലോകവ്യാപകമായ വിശുദ്ധ പർവതത്തിൽ സമാധാനമുണ്ടാകും. യെശ. 11 ൽ ഉപയോഗിച്ചിരിക്കുന്ന പ്രതിബിംബം യെശ. 65 ൽ കാണുന്നതിന് സമമാണ്. "ചെന്നായ്... കാളയെപ്പോലെ വൈക്കോൽ തിന്നും (യെശ. 11:6,7) ദൈവത്തിന്റെ "വിശുദ്ധ പർവതം" യെരൂശലേമിലെ സീയോനിൽ ആരംഭിക്കുമെങ്കിലും അതൊരു മുന്നോടി മാത്രമായിരുന്നു. തന്റെ വീണ്ടെടുക്കപ്പെട്ട ജനങ്ങളോടൊത്ത് ഒരു പുതിയ ഭൂമിയിൽ ഒടുവിലായി ദൈവം എന്ത് ചെയ്യുമെന്നുള്ള വാഗ്ദത്തം.

**60 ഓ, 70 ഓ, 90 ഓ അല്ലെങ്കിൽ 100 ഓ വർഷങ്ങൾക്കു പകരം മിക്ക മനുഷ്യരും ഒരു കോടിയോ അതിൽ കൂടുതലോ വർഷങ്ങൾ ജീവിക്കുന്നതായി കരുതുക. എന്തുകൊണ്ട്, അപ്പോഴും മനുഷ്യരാശിയുടെ അടിസ്ഥാന പ്രശ്നം പരിഹരിക്കപ്പെടാതിരിക്കും? എന്തുകൊണ്ട് മനുഷ്യന്റെ ആഴത്തിലുള്ള ആവശ്യങ്ങളുടെ ഒരേയൊരുത്തരം നിത്യജീവൻ ആയിരിക്കുന്നു?**

## ദിവ്യമായ “കാന്തം” (യെശ. 66:1–19)

യെശ. 66:1–19 വായിക്കുക. യെശയ്യാവ് എഴുതിയ സമയം മനസ്സിൽ വെച്ചുകൊണ്ട്, അവൻ ഇവിടെ നല്കുന്ന അടിസ്ഥാന സന്ദേശം എന്താണ്?

പുസ്തകത്തിൽ വ്യാപിച്ചു കിടക്കുന്ന താക്കീതും ആഹ്വാനവും ദൈവം പ്രവാചകനിലൂടെ ആവർത്തിച്ച് ഉറപ്പിക്കുന്നു: താഴ്മയുള്ളവനെയും അവന്റെ വചനത്തിൽ വിറയ്ക്കുന്നവനെയും ദൈവം രക്ഷിക്കും (യെശ. 66:2,5). യെശ. 40:1 ൽ എന്നപോലെ, അവൻ അവരെ ആശ്വസിപ്പിക്കും (യെശ. 66:13). എന്നാൽ അവനോടു മത്സരിക്കുന്നവരെ അവൻ നശിപ്പിക്കും. ഇവരിൽ ആചാരങ്ങൾ അനുഷ്ഠിക്കുന്ന കപടഭക്തിക്കാർ ഉൾപ്പെടും, അവരുടെ യാഗങ്ങൾ അവൻ തിരസ്കരിക്കും (യെശ. 66:3,4 മായി യെശ. 1:10–15 താരതമ്യം ചെയ്യുക). അവന്റെ വിശ്വസ്തരെ തള്ളിക്കളയുകയും വെറുക്കുകയും ചെയ്യുന്നവനെ (യെശ. 66:5). വിഗ്രഹാരാധികളുടെ മ്ലേച്ഛതകൾ ശീലിക്കുന്നവരും ദൈവാലയത്തിൽ ചെയ്തതുപോലെ (യെഹെ. 8:7–12).

**യെശ. 66:3 നോക്കുക. എന്താണ് ഈ വാക്യം പറയുന്നത്? എന്ത് ആത്മീയ തത്വങ്ങളാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്?**

**നിലവിലുള്ള ക്രിസ്ത്യാനിത്വത്തിന്റെയും ആരാധനയുടെയും പശ്ചാത്തലത്തിൽ എങ്ങനെയാണ് അതേ ആശയം പ്രകടിപ്പിക്കാനാകുക? ജാതികളെ അവനിലേക്കു തന്നെ ആകർഷിക്കാൻ ദൈവം എങ്ങനെയാണ് ഒരു കാന്തമായി പ്രവർത്തിക്കുന്നത്?**

അവന്റെ ശത്രുക്കളുടെ നാശത്തെ തുടർന്ന് (യെശ. 66:14–17). യെരൂശലേമിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് ഒരു കാന്തമായി തീരാൻ ദൈവം തന്റെ മഹത്വം വെളിപ്പെടുത്തുന്നു (യെശ. 2:2–4 താരതമ്യം ചെയ്യുക). അവൻ അവർക്കിടയിൽ ഒരു “അടയാളം” വെക്കുന്നു. അത് ഇവിടെ എടുത്തുപറയുന്നില്ല എന്നാൽ പ്രകടമായും യെശയ്യാവ് അവസാനം പ്രതിപാദിച്ച അടയാളത്തെ സൂചിപ്പിക്കുന്നു: ദൈവം അവന്റെ ജനങ്ങൾക്ക് സന്തോഷവും സമാധാനവും നൽകുകയും ചെയ്യുന്നു (യെശ. 55:12,13).

നാശത്തിനുശേഷം അവൻ അവന്റെ മഹത്വം വെളിപ്പെടുത്തുമ്പോൾ, ഇത് അവന്റെ പുന:സ്ഥാപിക്കപ്പെട്ട പ്രീതിയുടെ ഒരു അടയാളമാണ്. പ്രളയത്തിനുശേഷം നോഹയ്ക്ക് അവൻ മഴവില്ലിന്റെ അടയാളം നൽകിയതുപോലെ (ഉല്പത്തി 9:13–17).

**യെശ. 66:5 വായിക്കുക. അവന്റെ വചനത്തിങ്കൽ വിറയ്ക്കുക എന്നതിന്റെ അർത്ഥം എന്താണ്? എന്തുകൊണ്ടാണ് അവന്റെ വചനത്തിങ്കൽ നാം വിറയ്ക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നത്? നിങ്ങൾ വിറയ്ക്കുന്നില്ലെങ്കിൽ, നിങ്ങളുടെ ഹൃദയത്തിന്റെ അവസ്ഥയെക്കുറിച്ച് അത് എന്തു പറയുമായിരിക്കും?**

## മിഷനറിമാരും ആരാധനാ നേതാക്കളും (യെശ. 66:19–21)

**രക്ഷിക്കപ്പെട്ടവർ ജാതികളായവരെ ദൈവത്തിന് ഒരു വഴിപാടായി കൊണ്ടുവരും എന്നതിന്റെ അർത്ഥം എന്താണ്?**

അവന്റെ നാശത്തിൽനിന്ന് രക്ഷപ്പെട്ടവരെ അവൻ ഭൂമിയുടെ അറ്റത്തോളം അയയ്ക്കും. ദൈവത്തെ അറിയാത്ത ജനങ്ങളിലേക്ക് "അവർ എന്റെ മഹത്വം ജാതികൾക്കിടയിൽ പ്രസ്താവിക്കും" (യെശ. 66:19).

സുവിശേഷവേല എന്ന കേന്ദ്ര ആശയത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു പഴയ നിയമ പ്രസ്താവനയാണ് ഇത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എബ്രായ ജാതിയിലേക്ക് മനുഷ്യർ ആകർഷിക്കപ്പെടുക മാത്രമല്ല, പിന്നെയോ ചില എബ്രായർ മറ്റ് ഇടങ്ങളിലേക്ക് പോയി അവരെ സത്യദൈവത്തെക്കുറിച്ച് പഠിപ്പിക്കയും ചെയ്യണമെന്നതാണ് പുതിയ നിയമത്തിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന ഒരു കാര്യം. നാടുകടത്തലിൽ നിന്നു തിരികെ വന്നതിനും ക്രിസ്തുവിന്റെ സമയത്തിനും ഇടയിൽ യെഹൂദാ മിഷനറി പ്രവർത്തനങ്ങൾ ഉണ്ടായിരുന്നെങ്കിലും (മത്തായി 23:15). ആദിമ ക്രിസ്ത്യാനികൾ വലിയ തോതിൽ വ്യാപകമായും വേഗത്തിലും സുവിശേഷം പ്രചരിപ്പിച്ചു (കൊലൊ. 1:23).

യിസ്രായേല്യർ യഹോവയുടെ ആലയത്തിലേക്ക് ധാന്യ വഴിപാട് കൊണ്ടുവന്നതുപോലെ: മിഷനറിമാർ അവനുവേണ്ടി ഒരു വഴിപാട് കൊണ്ടുവരും. എന്നാൽ അവരുടെ വഴിപാട് "സകലജാതികളുടെയും ഇടയിൽനിന്ന്" (യെശ. 66:20) ആയിരിക്കും. ധാന്യവഴിപാടുകൾ അറുക്കപ്പെടാതെ ദൈവത്തിനു നൽകിയിരുന്ന ദാനങ്ങൾ എന്ന പോലെ, മാനസാന്തരപ്പെട്ട് അവങ്കലേക്കു വന്നവരെ "ജീവനുള്ള യാഗമായി" അർപ്പിക്കും (റോമർ 12:1 താരതമ്യം ചെയ്യുക). മനുഷ്യരെ ദൈവത്തിന് ഒരു വഴിപാടായി കൊടുക്കാം എന്ന ആശയം ഓർക്കുമ്പോൾ, വളരെ മുമ്പുതന്നെ ലേവ്യർ അവരെത്തന്നെ പ്രതിഷ്ഠിച്ചത് ശ്രദ്ധിക്കുക. "യഹോവയുടെ വേല ചെയ്യേണ്ടതിന്... നീരാജനയാഗമായി അർപ്പിക്കേണം" (സംഖ്യ. 8:11).

**"അവരിൽ ചിലരെ പുരോഹിതന്മാരായും ചിലരെ ലേവ്യരായും എടുക്കും" (യെശ. 66:21) എന്ന ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ പ്രാധാന്യം എന്ത്?**

21-ാം വാക്യത്തിലെ "ചിലരെ" സൂചിപ്പിക്കുന്നത് "സകല ജാതികളെയും" എന്ന മുൻ വാക്യത്തിലുള്ളതാണ്. ഇവർ പുറജാതികളാണ്. ഇവരിൽ ചിലരെ ദൈവം പുരോഹിതന്മാർക്കും ലേവ്യർക്കും ഒപ്പം ആരാധന നേതാക്കളായി തിരഞ്ഞെടുക്കും. ഇതൊരു വിപ്ലവകരമായ മാറ്റമാണ്. മുമ്പ് ദൈവം അഹരോൻ ഗൃഹത്തിൽ നിന്നുള്ളവരെ മാത്രമേ പുരോഹിതരാകാൻ അധികാരപ്പെടുത്തിയിരുന്നുള്ളൂ. ലേവ്യ ഗോത്രത്തെ അവരുടെ സഹായികളും. പുറജാതികൾക്ക് അക്ഷരാർത്ഥത്തിൽ അഹരോന്റെയോ ലേവ്യരുടെയോ പിന്തുടർച്ചക്കാരാകാൻ ആകില്ല, എന്നാൽ ഈ വിധത്തിൽ സേവനം ചെയ്യുന്നതിനു ദൈവം ചിലരെ അധികാരപ്പെടുത്തും മുൻപ് മിക്ക യെഹൂദർക്കുപോലും അത് വിലക്കപ്പെട്ടിരുന്നു.

**1 പത്രൊസ് 2:9,10 വായിക്കുക. ആർക്കാണ് പത്രൊസ് എഴുതുന്നത്? എന്താണ് അവൻ പറയുന്നത്? ഇന്നത്തെ "വിശുദ്ധ ജാതി"യുടെ ഒരു അംഗമെന്ന നിലയിൽ, നമുക്ക് ഓരോരുത്തർക്കുമായി എന്ത് ദൂതാണ് അവന് ഉള്ളത്? ആദിമജനങ്ങളെക്കാൾ മെച്ചമായി എന്തെങ്കിലും നാം ചെയ്യുന്നുണ്ടോ? (പുറ. 19:6).**

## വിശ്വാസ സമൂഹം (യെശ. 66:21).

യിസ്രായേല്യർ "ഒരു പുരോഹിത രാജത്വവും വിശുദ്ധ ജനവും" ആയിരുന്നു (ഉല്പത്തി 19:6). അവർ ആരാധനാനേതാക്കന്മാരായി അവരെ പ്രതിനിധാനം ചെയ്യുന്നതിനുവേണ്ടി മാറ്റിവെക്കപ്പെട്ടവർ. എന്നാൽ ഭാവിയിൽ ചില പുറജാതിക്കാർ ആരാധന നേതാക്കളാകും (യെശ. 66:21).

**പുതുക്കപ്പെട്ട വിശ്വാസ സമൂഹത്തെ ഈ മാറ്റം എങ്ങനെ ബാധിക്കും?**

(മത്തായി 28:19; അ.പ്ര. 26:20; ഗലാ. 3:28; കൊലൊ. 3:11; 1 തിമൊ. 3:16).

ദൈവത്തിന്റെ "പുതിയ ലോകക്രമീകരണത്തിൽ" പുറജാതികൾ. ദൈവത്തിന്റെ ജനത്തോട് ചേരുക മാത്രമല്ല പിന്നെയോ അവർ യെഹൂദരോടൊത്ത് തുല്യപങ്കാളികളായി ഒരു സംയുക്ത വിശ്വാസസമൂഹമായിരിക്കും. അതാകട്ടെ ഒരു "രാജകീയ പുരോഹിതവർഗ്ഗവും." ആയതിനാൽ, യെഹൂദനും പുറജാതിയും തമ്മിലുള്ള വേർതിരിവ് പ്രവർത്തനത്തെ സംബന്ധിച്ച് അപ്രസക്തമാകും.

**യെശയ്യാവിന്റെ ഈ പ്രവചനം എപ്പോഴാണ് നിവൃത്തിയായത്?**

പുറജാതികൾക്കായുള്ള മിഷനറിയായ പൗലൊസ് പ്രസ്താവിച്ചു, ''അതിൽ യെഹൂദനും യവനനും എന്നില്ല... എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാ. 3:28,29).

വാഗ്ദത്തത്തിന് അവകാശികളാകുകയും അതിനാൽ ഒരു "രാജകീയ പുരോഹിതവർഗ്ഗം" ആയിത്തീരുകയും ചെയ്തവർക്ക് ഞങ്ങളാണ് കേമം എന്ന ചിന്താഗതി പാടില്ല. നേരെമറിച്ച് യെഹൂദരോടൊത്തു ചേർന്ന് പ്രസ്താവിക്കേണ്ടത് "നിങ്ങളോ... വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ' (1 പത്രൊസ് 2:9) എന്നാണ്.

പുറജാതികളെ ഉയർത്തിയതുകൊണ്ടും അവർക്ക് തുല്യ പ്രതിഫലം നൽകുന്നതുകൊണ്ടും ദൈവത്തോട് പിറുപിറുക്കാൻ യെഹൂദർക്ക് അവകാശമില്ലാതായിരുന്നു. പുറജാതികളാകട്ടെ അവരുടെ യെഹൂദാ സഹോദരങ്ങളോട് അപമര്യാദയായി പെരുമാറാനും പാടില്ല. ദിവസത്തിൽ പിന്നീട് വേലയ്ക്കു വന്നവരെ ആദ്യം പണിക്കു വന്നവർ അവജ്ഞയോടെ നോക്കുന്നതുപോലെ (മത്തായി 20:1-16). "ദൈവത്തിന്റെ അരുളപ്പാടുകൾ" ആദ്യം യെഹൂദർക്കായിരുന്നു (റോമർ 3:2). അത് ദൈവത്തിന്റെ വെളിപ്പാടിനുള്ള മാർഗ്ഗമായി. പൗലൊസ് പുറജാതികൾക്ക് എഴുതി,

"കൊമ്പുകളിൽ ചിലത് ഒടിച്ചിട്ട് കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്തു... നേരെ പ്രശംസിക്കരുത്' (റോമർ 11:17,18).

**ക്രൂശിന്റെ വെളിച്ചത്തിൽ, സുവിശേഷ ദൗത്യത്തിന്റെ വെളിച്ചത്തിൽ, എന്തുകൊണ്ടാണ് ഏതെങ്കിലും തരത്തിലുള്ള ആത്മീയമോ, വംശീയമോ അല്ലെങ്കിൽ രാഷ്ട്രീയപരമോ ആയ പ്രമാണിത്തം ദൈവദൃഷ്ടിയിൽ ഏറ്റവും നിന്ദ്യമായിരിക്കുന്നത്? നിങ്ങളെത്തന്നെ സൂക്ഷിച്ച് നോക്കുക; നിങ്ങൾ ഏതെങ്കിലും വിധത്തിലുള്ള ആത്മീയമോ വർഗ്ഗീയമോ ആയ മേൽക്കോയ്മ വച്ചുപുലർത്തുന്നുണ്ടോ? അങ്ങനെയെങ്കിൽ, അനുതപിക്കുക.**

## നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും (യെശ. 16:22–24)

**യെശ. 66:22 വായിക്കുക: വാക്യം നമ്മോട് എന്താണു പറയുന്നത്? എന്തു പ്രത്യാശയാണ് നമുക്ക് ഇവിടെ കാണാൻ കഴിയുക?**

യെശയ്യാവിലെ ആശ്ചര്യകരമായ വാഗ്ദത്തങ്ങളിൽ ഒന്ന് കാണാൻ കഴിയുന്നത് യെശ. 66:22 ലാണ്. അത് ശ്രദ്ധയോടെ വായിക്കുക. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും നമ്മുടെ സന്തതിയും നമ്മുടെ പേരും എന്നേക്കും നിലനില്ക്കും. ഇനി മേലിൽ മാനഹാനിയോ, ഒഴിവാക്കലോ, വെച്ചുപിടിപ്പിക്കലോ, പറിച്ചുമാറ്റലോ, പിഴുതെടുക്കലോ ഇല്ല. ഇവിടെ നമുക്ക് പുതുതാക്കപ്പെട്ട ഒരു ലോകത്തിൽ നിത്യജീവന്റെ വാഗ്ദത്തമുണ്ട്. പാപവും മരണവും കഷ്ടപ്പാടും ഇല്ലാത്ത ഒരു ലോകം. ഒരു പുതിയ ആകാശവും പുതിയ ഭൂമിയും നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ അന്തിമവും പൂർണ്ണവുമായ പൂർത്തീകരണം. നമുക്കായി ക്രിസ്തു ക്രൂശിൽ നേടിയെടുത്തതിന്റെ പരമമായ അന്ത്യം.

**യെശ. 66:23 ൽ അവതരിപ്പിച്ചിരിക്കുന്നതുപോലെ പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും ചിത്രീകരണത്തിൽ എന്തുകൊണ്ടാണ് ശബ്ബത്തുകൾക്കൊപ്പം അമാവാസിയും ഉള്ളത്?**

ഈ ബുദ്ധിമുട്ടേറിയ വാക്യത്തെ നോക്കിക്കാണാൻ വിവിധ വഴികൾ ഉണ്ടങ്കിലും ഒരു സമീപനം ഇതാണ്: യാഗ സമ്പ്രദായം നിലനില്ക്കുന്നതിനുമുമ്പുതന്നെ ദൈവം ശബ്ബത്തിനെ സൃഷ്ടിച്ചു (ഉല്പത്തി 2:2,3). യാഗസമ്പ്രദായം ഒഴികെ അമാവാസികൾ നിയമാനുസൃത ആരാധന ദിവസങ്ങളായിരുന്നു എന്ന ഒരു സൂചനയും വേദപുസ്തകത്തിലില്ല. എന്നാൽ ഒരുപക്ഷേ അവ ആരാധനാ ദിവസങ്ങളായിരിക്കാം (എന്നാൽ ആഴ്ചതോറുമുള്ള ശബ്ബത്തുകൾപോലെ വിശ്രമ ദിവസങ്ങളായിരുന്നില്ല). പുതിയ ഭൂമിയിൽ, മിക്കവാറും ജീവവൃക്ഷത്തിന്റെ മാസചക്രവുമായുള്ള ബന്ധത്തിൽ (വെളി. 22:2).

യെശ. 66:23 ന്റെ പ്രത്യേകമായ അർത്ഥം എന്തായിരുന്നാലും, പ്രധാന കാര്യം നിത്യതയിലുടനീളം ദൈവജനം അവനെ ആരാധിക്കും എന്നതാണ്.

**അതിക്രമക്കാരുടെ ശവങ്ങളെ രക്ഷപ്പെട്ടവർ നോക്കിക്കാണും എന്ന നിഷേധാത്മാക ചിത്രത്തോടെ എന്തുകൊണ്ടാണ് യെശയ്യാവ് അവസാനിക്കുന്നത്? (യെശ. 66:24).**

അവന്റെ കാലത്തെ ജനങ്ങൾക്കുള്ള ഒരു ശക്തമായ  താക്കീത് എന്ന നിലയിൽ, നശിപ്പിക്കപ്പെട്ട അക്രമികളും ബാബിലോൺ നശീകരണത്തിൽ രക്ഷപ്പെട്ട വിശ്വസ്തരും തമ്മിലുള്ള വൈരുദ്ധ്യം യെശയ്യാവ് ചുരുക്കമായി അവതരിപ്പിക്കുന്നു. ഇത് എന്നന്നേക്കുമുള്ള യാതന അല്ല – അക്രമികൾ കൊല്ലപ്പെടുന്നു, “തീയാൽ” കൊല്ലപ്പെടുന്നു. പാപികളുടെയും സാത്താന്റെയും നാശവും അഗ്നിപ്പൊയ്കയിലുള്ള മരണവും (വെളി. 20). അതിനുശേഷം “ഒരു പുതിയ ആകാശവും പുതിയ ഭൂമിയും” സൃഷ്ടിക്കുന്നു. വിശുദ്ധമായ ഒരു “പുതിയ യെരൂശലേം” ഇനി കരച്ചിലും നിലവിളിയും ഇല്ല. “പഴയതെല്ലാം കഴിഞ്ഞുപോയി” (വെളി. 21:1–4; യെശ. 65:17–19 മായി താരതമ്യം ചെയ്യുക).

## കൂടുതൽ പഠനം:

പാപത്തിൽനിന്നുള്ള ഭൂമിയുടെ അന്തിമ ശുദ്ധീകരണത്തെക്കുറിച്ച് (Ellen G. White, The Controversy Ended, in The Great Controversy pp. 662-678) വായിക്കുക.

നിത്യതയിലെ വർഷങ്ങൾ കഴിഞ്ഞുപോകുമ്പോൾ, ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെക്കുറിച്ചും കൂടുതൽ ധന്യവും മഹത്വകരവുമായ അറിവുകൾ ലഭിച്ചുകൊണ്ടിരിക്കും. ജ്ഞാനം പുരോഗമനപരമായതുപോലെ, സ്നേഹവും ആദരവും സന്തോഷവും വർദ്ധിക്കും. മനുഷ്യൻ ദൈവത്തെക്കുറിച്ച് എത്രയധികം പഠിക്കുന്നുവോ; അത്രയധികമായിരിക്കും അവന്റെ സ്വഭാവത്തെക്കുറിച്ചുള്ള അവരുടെ വിസ്മയം. യേശു അവരുടെ മുമ്പിൽ വീണ്ടെടുപ്പിന്റെ സമ്പത്തും സാത്താനുമായുള്ള വൻപോരാട്ടത്തിലെ ആശ്ചര്യകരമായ നേട്ടങ്ങളും തുറന്നു കാണിക്കുമ്പോൾ, വീണ്ടെടുക്കപ്പെട്ടവരുടെ ഹൃദയങ്ങൾ കൂടുതൽ തീക്ഷ്ണമായ ആരാധനയോടെ ആനന്ദിക്കും. അവാച്യമായ ആനന്ദത്തോടെ അവർ സ്വർണ്ണ കിന്നരങ്ങളിൽ കയ്യോടിക്കും; അപ്പോൾ ആയിരക്കണക്കിന് പതിനായിരക്കണക്കിന് ശബ്ദങ്ങൾ ഒത്തുചേർന്ന് സ്തുതി പാടും.

“സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നെന്നേക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു” (വെളി. 5:13).

വൻപോരാട്ടം അവസാനിച്ചിരിക്കുന്നു. പാപിയും പാപവും ഇനിമേലാൽ ഇല്ല. സർവ്വഭൂമിയും ശുദ്ധമായി. സൃഷ്ടിപ്പിലുടനീളം ഐക്യത്തിന്റെയും സന്തോഷത്തിന്റെയും തുടിപ്പ് മാത്രം. സകലതും സൃഷ്ടിച്ചവങ്കൽനിന്ന് ജീവനും വെളിച്ചവും സന്തോഷവും ഒഴുകുന്നു. അതിസൂക്ഷ്മമായ അണുമുതൽ ഏറ്റവും വലിയ ലോകം വരെ ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാം തങ്ങളുടെ മങ്ങലില്ലാത്ത സൗന്ദര്യത്തിലും തികഞ്ഞ സന്തോഷത്തിലും ദൈവസ്നേഹമാകുന്നു എന്നു പ്രഖ്യാപിക്കുന്നു. (Ellen G. White, The great Controversy p. 678).

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. **എന്തുകൊണ്ടാണ് ഒരു പുതിയ ഭൂമിയിലും ഒരു പുതിയ ആകാശത്തിലുമുള്ള നിത്യജീവൻ നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിത്തറയാകുന്നത്? ആ വാഗ്ദത്തമില്ലെങ്കിൽ നമ്മുടെ വിശ്വാസം എന്തിനു കൊള്ളാം?**
2. **2 പത്രൊസ് 3:10–14 വായിക്കുക. യെശ. 66 ൽ അവതരിപ്പിച്ചിരിക്കുന്ന അതേ ആശയം ഈ വാക്യങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നു?**

**സംഗ്രഹം: അത്ഭുത സാധ്യതകളുള്ള ഒരു ദർശനമാണ് യെശയ്യാവ് അവതരിപ്പിക്കുന്നത്. ദൈവം അവന്റെ വിശ്വാസ സമൂഹത്തെ മാലിന്യം നീക്കി ശുദ്ധമാക്കുക മാത്രമല്ല പിന്നെയോ സകല ജാതികളെയും ഉൾക്കൊള്ളാനായി അവൻ അതിന്റെ അതിർത്തികളെ വിപുലീകരിക്കും, അന്തിമമായി അവന്റെ സമൂഹത്തിന്റെ പുന:സൃഷ്ടി ഭൂമിയുടെ പുന:സൃഷ്ടിയിലേക്ക് നയിക്കും. അവിടെ അവന്റെ സാന്നിദ്ധ്യമായിരിക്കും അവന്റെ ജനങ്ങളുടെ പരമമായ ആശ്വാസം.**